**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4774** **19-03-2025 - ൽ മറുപടിയ്ക്ക്**

**അഴീക്കോട് മണ്ഡലത്തിലെ മത്സ്യബന്ധന വകുപ്പിന്റെ കീഴിൽ നടത്തുന്ന പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | അഴീക്കോട് മണ്ഡലത്തിൽ മത്സ്യബന്ധന വകുപ്പിന്റെ കീഴിൽ നടത്തുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ; | (എ) | **സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർവിമെൻ (സാഫ്)**<br><br>കണ്ണൂർ ജില്ലയിലെ അഴിക്കോട് മണ്ഡലത്തിൽ സാഫ് നടത്തുന്ന പ്രവർത്തനങ്ങൾ താഴെ ചേർക്കുന്നു.<br><br>**ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം (Development of Micro Enterprises)**<br><br>2 മുതൽ 5 വരെ മത്സ്യത്തൊഴിലാളി വനിതകൾ അടങ്ങുന്ന ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഒരംഗത്തിന് ഒരു ലക്ഷം രൂപ (ഒരു യൂണിറ്റിന് പരമാവധി 5 ലക്ഷം രൂപ) വരെ ഗ്രാന്റ് അനുവദിച്ചു. പദ്ധതി തുകയുടെ 75 ശതമാനം ഗ്രാന്റും 20 ശതമാനം ബാങ്ക് ലോണും 5 ശതമാനം ഗുണഭോക്തൃ വിഹിതവുമാണ്. ജില്ലകളിൽ നിന്ന് തിരഞ്ഞെടുത്ത മത്സ്യത്തൊഴിലാളി വനിതകൾ സംരംഭം ആരംഭിക്കുന്നതിനായി പരിശീലനങ്ങൾ നൽകുകയും ബാങ്ക് ലോൺ ലഭ്യമാക്കുകയും ചെയ്തു. സംരംഭം ആരംഭിക്കുന്നതിനായി രണ്ട് ഘട്ടങ്ങളിലായാണ് ഗ്രാന്റ് അനുവദിക്കുന്നത്. സ്ഥിരാസ്ഥികൾ വാങ്ങുന്നതിന് ഒന്നാംഗഡു ധനസഹായവും പ്രവർത്തന മൂലധനമായി രണ്ടാംഗഡു ധനസഹായവും അനുവദിച്ചു. വിവരങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു.<br><br>മത്സ്യ മേഖലയുമായി ബന്ധപ്പെട്ട് ഉപജീവനം നടത്തുന്ന മത്സ്യത്തൊഴിലാളി വനിതകൾക്ക് മെച്ചപ്പെട്ട വരുമാനം ഉറപ്പാക്കുന്നതിന് സാഫ് മുഖേന സീഫുഡ് റസ്റ്റോറന്റ് പദ്ധതി നടപ്പിലാക്കി. ഗുണമേന്മയുള്ളതും ആരോഗ്യകരവുമായ കടൽ മത്സ്യവിഭവങ്ങൾ തനത് രുചിയോടെ തയ്യാറാക്കി ജനങ്ങളിലേക്ക് എത്തിക്കുന്നതിനായി ടി മണ്ഡലത്തിൽ ഒരു സീഫുഡ് റസ്റ്റോറന്റ് പ്രവർത്തിച്ചുവരുന്നു. Seafood Restaurant |

| | | | |
|---|---|---|---|
| | | | രൂപീകരിക്കുന്നതിനായി 5 ലക്ഷം രൂപ (പദ്ധതിയുടെ 75%) ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്.<br><br>2024 -25 സാമ്പത്തിക വർഷത്തിൽ ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം പദ്ധതി നടപ്പിലാക്കുന്നതിനായി അപേക്ഷ ക്ഷണിച്ചുവെങ്കിലും ഗ്രൂപ്പായി പ്രവർത്തിക്കുന്നതിന് തയ്യാറായിട്ടില്ല.<br><br>**<u>കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ</u>**<br><br>അഴീക്കോട് മണ്ഡലത്തിൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങളും നിലവിലത്തെ സ്ഥിതിയും അനുബന്ധം 2 ആയി ചേർക്കുന്നു.<br><br>**<u>ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്</u>**<br><br>ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന താഴെ വിശദീകരിക്കുന്ന പദ്ധതികളാണ് നടന്നു വരുന്നത്.<br><br>1. തീരദേശ റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ<br><br>2. നബാർഡ് പ്രവൃത്തികൾ<br><br>3. പോർട്ട് അനുബന്ധ പ്രവൃത്തികൾ<br><br>4. ഹാർബറിന്റെ അടിസ്ഥാന സൗകര്യവികസന പ്രവൃത്തികൾ പദ്ധതികളുടെ വിവരങ്ങളും നിലവിലത്തെ സ്ഥിതിയും അനുബന്ധം 3 ആയി ചേർക്കുന്നു.<br><br>**<u>മത്സ്യഫെഡ്</u>**<br><br>അഴീക്കോട് മണ്ഡലത്തിൽ മത്സ്യഫെഡിന് കീഴിൽ അന്തിപച്ച യൂണിറ്റ് (സഞ്ചരിക്കുന്ന മത്സ്യ വിപണന വാഹനം) പ്രവർത്തിച്ചുവരുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ? | (ബി) | **<u>സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർവിമെൻ (സാഫ്)</u>**<br><br>കണ്ണൂർ ജില്ലയിലെ അഴിക്കോട് മണ്ഡലത്തിൽ സാഫ് നടത്തുന്ന പ്രവർത്തനങ്ങൾ താഴെ ചേർക്കുന്നു.<br><br>**<u>ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം (Development of Micro Enterprises)</u>**<br><br>2 മുതൽ 5 വരെ മത്സ്യത്തൊഴിലാളി വനിതകൾ അടങ്ങുന്ന ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഒരംഗത്തിന് ഒരു ലക്ഷം രൂപ (ഒരു |

യൂണിറ്റിന് പരമാവധി 5 ലക്ഷം രൂപ) വരെ ഗ്രാന്റ് അനുവദിച്ചു. പദ്ധതി തുകയുടെ 75 ശതമാനം ഗ്രാന്റും 20 ശതമാനം ബാങ്ക് ലോണും 5 ശതമാനം ഗുണഭോക്തൃ വിഹിതവുമാണ്. ജില്ലകളിൽ നിന്ന് തിരഞ്ഞെടുത്ത മത്സ്യത്തൊഴിലാളി വനിതകൾ സംരംഭം ആരംഭിക്കുന്നതിനായി പരിശീലനങ്ങൾ നൽകുകയും ബാങ്ക് ലോൺ ലഭ്യമാക്കുകയും ചെയ്തു. സംരംഭം ആരംഭിക്കുന്നതിനായി രണ്ട് ഘട്ടങ്ങളിലായാണ് ഗ്രാന്റ് അനുവദിക്കുന്നത്. സ്ഥിരാസ്ഥികൾ വാങ്ങുന്നതിന് ഒന്നാംഗഡു ധനസഹായവും പ്രവർത്തന മൂലധനമായി രണ്ടാംഗഡു ധനസഹായവും അനുവദിച്ചു. വിവരങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു.

മത്സ്യ മേഖലയുമായി ബന്ധപ്പെട്ട് ഉപജീവനം നടത്തുന്ന മത്സ്യത്തൊഴിലാളി വനിതകൾക്ക് മെച്ചപ്പെട്ട വരുമാനം ഉറപ്പാക്കുന്നതിന് സാഫ് മുഖേന സീഫുഡ് റസ്റ്റോറൻറ് പദ്ധതി നടപ്പിലാക്കി. ഗുണമേന്മയുള്ളതും ആരോഗ്യകരവുമായ കടൽ മത്സ്യവിഭവങ്ങൾ തനത് രുചിയോടെ തയ്യാറാക്കി ജനങ്ങളിലേക്ക് എത്തിക്കുന്നതിനായി ടി മണ്ഡലത്തിൽ ഒരു സീഫുഡ് റസ്റ്റോറന്റ് പ്രവർത്തിച്ചുവരുന്നു. Seafood Restaurant രൂപീകരിക്കുന്നതിനായി 5 ലക്ഷം രൂപ (പദ്ധതിയുടെ 75%) ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്.

2024 -25 സാമ്പത്തിക വർഷത്തിൽ ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം പദ്ധതി നടപ്പിലാക്കുന്നതിനായി അപേക്ഷ ക്ഷണിച്ചുവെങ്കിലും ഗ്രൂപ്പായി പ്രവർത്തിക്കുന്നതിന് തയ്യാറായിട്ടില്ല.

**കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ**

അഴീക്കോട് മണ്ഡലത്തിൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങളും നിലവിലത്തെ സ്ഥിതിയും അനുബന്ധം 2 ആയി ചേർക്കുന്നു.

**ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്**

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന താഴെ വിശദീകരിക്കുന്ന പദ്ധതികളാണ് നടന്നു വരുന്നത്.

1. തീരദേശ റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ

2. നബാർഡ് പ്രവൃത്തികൾ

| | | | |
|---|---|---|---|
| | | | 3. പോർട്ട് അനുബന്ധ പ്രവൃത്തികൾ<br><br>4. ഹാർബറിന്റെ അടിസ്ഥാന സൗകര്യവികസന പ്രവൃത്തികൾ പദ്ധതികളുടെ വിവരങ്ങളും നിലവിലത്തെ സ്ഥിതിയും അനുബന്ധം 3 ആയി ചേർക്കുന്നു.<br><br>**<u>മത്സ്യഫെഡ്</u>**<br><br>അഴീക്കോട് മണ്ഡലത്തിൽ മത്സ്യഫെഡിന് കീഴിൽ അന്തിപച്ച യൂണിറ്റ് (സഞ്ചരിക്കുന്ന മത്സ്യ വിപണന വാഹനം) പ്രവർത്തിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം 1</u>**

| പദ്ധതി | യൂണിറ്റുകളുടെ എണ്ണം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|---|
| ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം | 18 | 48 | 48,00,000/- |
| റിവോൾവിംഗ് ഫണ്ട് | 7 | 21 | 2,30,000/- |
| ടെക്നോളജി ഫണ്ട് | 3 | 7 | 1,08,137/- |
| പലിശ സബ്സിഡി | 6 | 19 | 20,260/- |

<u>**അനുബന്ധം – 2**</u>

| ക്രമ നമ്പർ | പദ്ധതി | ഭരണാനുമതി നൽകിയ വർഷം | അടങ്കൽ തുക (ലക്ഷം) | നിലവിലെ സ്ഥിതി |
|---|---|---|---|---|
| | **സ്റ്റേറ്റ് പ്ലാൻ പദ്ധതി** | | | |
| 1 | ജി.ആർ.എഫ്.ടി.എച്ച്.എസ്. അഴീക്കൽ – പുതിയ അക്കാഡമിക് ബ്ലോക്ക് നിർമ്മാണം | 2016–17 | 217.00 | പദ്ധതി പൂർത്തീകരിച്ചു. |
| 2 | ജി.ആർ.എഫ്.ടി.എച്ച്.എസ്. അഴീക്കൽ – മികവിന്റെ കേന്ദ്രമായി ഉയർത്തൽ | 2018–19 | 558.00 | നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിച്ചു. |
| | **കിഫ്ബി പദ്ധതി** | | | |
| 1 | ജി.എഫ്.എൽ.പി.എസ്., അഴീക്കോട് – പുതിയ അക്കാഡമിക് ബ്ലോക്ക് നിർമ്മാണം | 2018–19 | 65.32 | പദ്ധതി പൂർത്തീകരിച്ചു. |

# <u>അനുബന്ധം – 3</u>

2021 മുതൽ 2025 ഫെബ്രുവരി വരെയുള്ള കാലയളവിൽ തീരദേശമേഖലയുടെ സമഗ്ര വികസനത്തിനായി നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ

| ക്രമ നം | പ്രവൃത്തി | തുക (ലക്ഷം) | നിലവിലെ സ്ഥിതി |
|---|---|---|---|
| **തീരദേശ റോഡുകളുടെ പുനരുദ്ധാരണം** | | | |
| 1. | കണ്ണൂർ ജില്ല – അയനി വയൽ കൊഴക്കി കള്ളക്കടപ്പുറം റോഡ് –അഴീക്കോട് ഗ്രാമ പഞ്ചായത്ത് | 27.50 | പ്രവൃത്തി പൂർത്തീകരിച്ചു |
| 2. | കണ്ണൂർ ജില്ല – അഴീക്കൽ ബസ് സ്റ്റാൻഡ് അഴീക്കൽ ലൈറ്റ് ഹൗസ് –അഴീക്കോട് ഗ്രാമ പഞ്ചായത്ത് | 22.00 | പ്രവൃത്തി പൂർത്തീകരിച്ചു |
| 3. | കണ്ണൂർ ജില്ല – ബ്ലോക്ക് ഫാം ചാൽ റോഡ് | 23.00 | പ്രവൃത്തി പൂർത്തീകരിച്ചു |
| 4. | കണ്ണൂർ ജില്ല – നീർക്കടവ് അരയസമുദായം പള്ളിയാംമൂല റോഡ്–അഴിക്കോട് ഗ്രാമപഞ്ചായത്ത് | 50.00 | പ്രവൃത്തി പൂർത്തീകരിച്ചു |
| 5. | കണ്ണൂർ ജില്ല – പണ്ടാരത്തും കണ്ടി കാവ് ടൈഗർ മുക്ക് റോഡ്–അഴീക്കോട് ഗ്രാമ പഞ്ചായത്ത് | 24.50 | പ്രവൃത്തി പൂർത്തീകരിച്ചു |
| 6. | കണ്ണൂർ ജില്ല – ആലിൻകീഴിൽ കോട്ടഞ്ചേരി നേങ്ങിലേരിമൊട്ട മാലോട്ട് കണ്ണാടിപ്പറമ്പ് റോഡ് നാറാത്ത് ഗ്രാമപ്പഞ്ചായത്ത് | 37.70 | പ്രവൃത്തി പൂർത്തീകരിച്ചു |
| 7. | കണ്ണൂർ ജില്ല – അഴീക്കോട് ഗ്രാമപഞ്ചായത്തിലെ വൻകുളത്ത് വയൽ പഴയ സിൻഡിക്കേറ്റ് ബാങ്ക് – മൈലടത്തടം റോഡ് | 25.00 | പ്രവൃത്തി പൂർത്തീകരിച്ചു |
| 8. | കണ്ണൂർ ജില്ല – ചിറക്കൽ ഗ്രാമപഞ്ചായത്തിലെ ശങ്കരൻ കട –പടിഞ്ഞാറെ മൊട്ട റോഡിന്റെ നവീകരണം | 31.20 | പ്രവൃത്തി പൂർത്തീകരിച്ചു |
| 9. | കണ്ണൂർ ജില്ല – അഴീക്കോട് ഗ്രാമപഞ്ചായത്തിലെ മീൻകുന്ന് ബീച്ച് റോഡിന്റെ നവീകരണം | 19.40 | പ്രവൃത്തി പുരോഗമിക്കുന്നു (90%). 31/03/2025–ന് പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്. |
| 10. | കണ്ണൂർ ജില്ല – പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിലെ കല്ലൂരിക്കടവ് മാങ്കടവ് ബോട്ട്ജെട്ടി റോഡിന്റെ നവീകരണം | 50.90 | പ്രവൃത്തി പുരോഗമിക്കുന്നു (75%).15/04/2025–ന് പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്. |
| 11. | കണ്ണൂർ ജില്ല 2024–25 – നാറാത്ത് ഗ്രാമ പഞ്ചായത്തിലെ നാറാത്ത് ഈസ്റ്റ് എൽ.പി സ്കൂൾ – താളിയിൽ മുക്ക് റോഡ് | 19.40 | സാങ്കേതികാനുമതി നടപടി സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| 12. | കണ്ണൂർ ജില്ല 2024–25 – നാറാത്ത് ഗ്രാമ പഞ്ചായത്തിലെ കമാൽപീടിക – മുണ്ടേരിക്കുനി റോഡ് | 30.60 | ടെണ്ടർ ഓപ്പൺ ചെയ്ത് തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| 13. | കണ്ണൂർ ജില്ല 2024–25 – ചിറക്കൽ ഗ്രാമ പഞ്ചായത്തിലെ കുണ്ടൻ ചാൽ കോളനി റോഡ് (നാണക്കട മുതൽ പടിഞ്ഞാറെ മൊട്ട). | 25.20 | ടെണ്ടർ ചെയ്തു. |
| 14. | കണ്ണൂർ ജില്ല 2024–25 – പാപ്പിനിശ്ശേരി ഗ്രാമ പഞ്ചായത്തിലെ കാരക്കാട്ട് കോളനി റോഡ്. | 27.10 | ടെണ്ടർ ചെയ്തു. |
| 15. | കണ്ണൂർ ജില്ല 2024–25 – അഴീക്കോട് ഗ്രാമ പഞ്ചായത്തിലെ കൊട്ടാരത്തുംപാറ പുന്നക്കപ്പാറ ആയനിവയൽ റോഡ് | 33.80 | എഗ്രിമെന്റ് വച്ചു. |
| | **നബാർഡ് – RIDF** | | |
| 16. | നബാർഡ് – ആർ ഐ ഡി എഫ്– XXVIII കണ്ണൂർ ജില്ലയിലെ അഴീക്കൽ ഫിഷിംഗ് ഹാർബറിന്റെ നവീകരണ പ്രവൃത്തി | 2536.85 | വിവിധ പ്രവൃത്തികൾ പുരോഗമിക്കുന്നു. (54%) |
| | **അഴീക്കൽ ഹാർബറിന്റെ അടിസ്ഥാന സൗകര്യവികസനം** | | |
| 17. | അഴീക്കൽ ഫിഷറി ഹാർബർ – ബെർത്തിംഗ് ജെട്ടിയുടെ പുനർനിർമ്മാണം. | 55.00 | പ്രവൃത്തി പൂർത്തീകരിച്ചു. |
| 18. | കണ്ണൂർ ജില്ലയിലെ അഴീക്കൽ ഫിഷറി ഹാർബറിലെ ഷോപ്പുകളുടെ നിർമ്മാണം. | 30.50 | പ്രവൃത്തി പൂർത്തീകരിച്ചു. |
| | **പോർട്ട് അനുബന്ധ പ്രവൃത്തികൾ** | | |
| 19. | അഴീക്കൽ പോർട്ട് ലോഡിംഗ് ഏരിയയുടെയും ബി.ടി റോഡിനും ഇടയിൽ കോൺക്രീറ്റ് റോഡ് നിർമ്മിക്കുന്ന പ്രവൃത്തി | 10.00 | ഭരണാനുമതി നൽകിയിട്ടുണ്ട്. മാരിടൈം ബോർഡിൽ നിന്നും പ്രവൃത്തിക്കാവശ്യമായ ഫണ്ട് ലഭ്യമായിട്ടില്ല. |
| 20. | അഴീക്കൽ പോർട്ട് ഓഫീസിന്റെ ആധുനികവൽക്കരണ പ്രവൃത്തി. | 60.00 | പ്രവൃത്തി പുരോഗമിക്കുന്നു. (90%). |
| 21. | അഴീക്കൽ പോർട്ടിൽ വെയർ ഹൗസ് നിർമ്മിക്കുന്ന പ്രവൃത്തി | 555.00 | ഭരണാനുമതി നൽകിയിട്ടുണ്ട്. മാരിടൈം ബോർഡിൽ നിന്നും പ്രവൃത്തിക്കാവശ്യമായ ഫണ്ട് ലഭ്യമായിട്ടില്ല. |
| 22. | പോർട്ട് – അഴീക്കൽ – ഗേറ്റ്, ഗേറ്റ് ഹൗസ്, കൺട്രോൾ റൂം എന്നിവയുടെ നിർമ്മാണം | 100 | ഭരണാനുമതി നൽകിയിട്ടുണ്ട്. മാരിടൈം ബോർഡിൽ നിന്നും പ്രവൃത്തിക്കാവശ്യമായ ഫണ്ട് ലഭ്യമായിട്ടില്ല. |